1540

നം. എൻ2/90010/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി.22/02/2018
Phone: 0471-2328438
**Email:** scholarshipdpi@gmail.com

## സർക്കുലർ

വിഷയം : - പൊതുവിദ്യാഭ്യാസം - ദേശീയ ദുരന്ത നിവാരണ അതോറിറ്റി - സ്കൂൾ സുരക്ഷാ പദ്ധതി - 2016 - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

പരാമർശം: -1. ഈ ഓഫീസില ഇതേ നമ്പർ ഉത്തരവ് തീയതി. 08/12/2017
2. സർക്കാർ കത്ത് നം.1786667/എം1/2017/പൊ.വി.വകുപ്പ്, തീയതി. 01/12/17.
3. ബഹു. സുപ്രീം കോടതി ഉത്തരവ് റിട്ട് പെറ്റീഷൻ നം.483/04 തീയതി.14/8/17

ദേശീയ ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സ്കൂളുകളുടെയും, കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള പ്രത്യേക പദ്ധതികൾ കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ സ്കൂൾ സുരക്ഷ സംബന്ധിച്ച ദേശീയ ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സ്കൂളുകളിൽ ഫലപ്രദമായി നടപ്പാക്കേണ്ടതാണ്. **അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ സ്കൂളുകളിൽ/ഓഫീസുകളിൽ പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും (വിദ്യാഭ്യാസ ജില്ലയിലെ നോഡൽ ഓഫീസർ) പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.** ഓഫീസുകളിൽ/സ്കൂളുകളിൽ സ്വീകരിച്ചിട്ടുള്ള ദുരന്ത നിവാരണ/ദുരന്തലഘൂകരണ പദ്ധതികൾ സംബന്ധിച്ച് അവലോകനം നടത്തുകയും, ഇതു സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ ജില്ലാതലത്തിൽ (കളക്ടറേറ്റ്) പ്രവർത്തിക്കുന്ന സമിതി/ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങളും ജില്ലാ കളക്ടർമാരുടെ നിർദ്ദേശങ്ങളും മാതൃകാപരമായി അനുസരിക്കേണ്ടതും, അടിയന്തിര സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ജില്ലാതല സമിതിയുടെ സേവനം ആവശ്യപ്പെടാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ് :-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

} എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്